പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5601 06/07/2012-ൽ മറുപടിക്ക്

## വയനാട് ജില്ലയിൽ ഭൂമിക്കു വേണ്ടിയുള്ള ആദിവാസികളുടെ സമരം

ചോദ്യം

മറുപടി

ശ്രീ.കോടിയേരി ബാലകൃഷ്ണൻ :

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ ഭൂമിക്കു വേണ്ടിയുള്ള ആദിവാസികളുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വയനാട് ജില്ലയിൽ സമരം ചെയ്യുന്ന സംഘടനകളുമായി ഏതൊക്കെ തലങ്ങളിൽ ചർച്ചകൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | 14/05/2012-ന് ബഹു.റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തു വച്ചും, 09/06/2012-ന് ബഹു. പട്ടികവർഗ്ഗ യുവജന ക്ഷേമ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വയനാട് കളക്ടറേറ്റിൽ വച്ചും, 14/06/2012-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തു വച്ചും സമരം ചെയ്യുന്ന സംഘടന പ്രതിനിധികളുമായി ചർച്ച നടത്തി. |
| (സി) | ഓരോ തലത്തിലുള്ള ചർച്ചകളിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ വിശദമാക്കുമോ; | (സി) | ജില്ലയിലെ ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും സമയ ബന്ധിതമായി ഭൂമി നൽകുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചു. |
| (ഡി) | ഈ സമരത്തിൽ പങ്കെടുക്കുന്ന എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും, ജയിലിലടച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (ഡി) | 983 പേരെ അറസ്റ്റു ചെയ്തു. 235 പേർ ജയിലിൽ കഴിയുന്നുണ്ട്. |
| (ഇ) | ആദിവാസി വിഭാഗത്തിന് ഭൂമി നൽകുന്നതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഇ) | ജില്ലയിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (എഫ്) | ഈ തുക വകയിരുത്തി വയനാട്ടിലെ ആദിവാസി വിഭാഗങ്ങൾക്ക് ഭൂമി നൽകാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ